**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **05-12-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മയക്കുമരുന്ന് ഉപയോഗം പ്രതിരോധിക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മയക്കുമരുന്നിന്റെ കടത്ത്, വിപണനം, ഉപയോഗം എന്നിവ ഇല്ലാതാക്കുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിലും ബോർഡർ പട്രോളിങ്ങും വാഹന പരിശോധനകളും കർശനമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കി മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രെയിൻ മാർഗ്ഗമുള്ള ലഹരി മരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫ്.മായി ചേർന്നും, തീരദേശമേഖലയിൽ തീരദേശ പോലീസ് സേനയുമായി ചേർന്നും പരിശോധനകളും പട്രോളിംഗും നടത്തി വരുന്നു. മയക്കുമരുന്ന് കടത്ത്, വിപണനം ഇവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, സ്റ്റേറ്റ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. എൻ.ഡി.പി.എസ്. കേസുകളിലെ മുൻ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവർ തുടർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നു.<br><br>മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി വിമുക്തി മിഷൻ മുഖേന വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി മുക്ത നവ കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്രചാരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെ തുടർന്ന് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പ്രസ്തുത കാലയളവിൽ ലഹരിക്കെതിരെ ബഹുജന പങ്കാളിത്തത്തോടെയും വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. |
| (ബി) | ലഹരി ഉപയോഗം സംബന്ധിച്ച് 2020 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ആകെ രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം 2020 വർഷത്തിൽ 3667ഉം 2021 ൽ 3922ഉം 2022-ൽ (29/11/2022 വരെ) 5488 ഉം ആണ്. ലഹരി ഉപയോഗം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം 2020ൽ 16ഉം, 2021ൽ 5ഉം, 2022-ൽ (29/11/2022 വരെ) 185ഉം ആണ്. |
| (സി) | സംസ്ഥാനത്ത് യോദ്ധ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി സംസ്ഥാന പോലീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'യോദ്ധാവ്'. ഈ പദ്ധതിയുടെ ഭാഗമായി ഓരോ സ്കൂളിലും യോദ്ധാവായി തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക്, സ്കൂളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന കുട്ടികളിൽ ഉണ്ടാകുന്ന പെരുമാറ്റ വ്യത്യാസം തിരിച്ചറിഞ്ഞ് അവരെ ബോധവല്ക്കരിക്കുന്നതിനും, അവർ വീണ്ടും മയക്കുമരുന്ന് ഉപയോഗത്തിലേയ്ക്ക് പോകാതെ തടയുന്നതിനും ആവശ്യമായ പരിശീലനം നൽകി വരുന്നു.<br><br>ലഹരിവിരുദ്ധ പ്രവർത്തന മേഖലയിൽ വൈദഗ്ധ്യം സിദ്ധിച്ചവരെയാണ് ട്രെയിനിംഗ് നൽകുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായി ഒരു പരിശീലന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വിദഗ്ധരെ റിസോഴ്സ് പേഴ്സണുകളായി തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ജനമൈത്രി പോലീസുകാർക്കും ട്രെയിനിംഗ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ